# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2412 — 14/06/2019-ൽ മറുപടിക്ക്

## മൂന്നാറിലെ ഹോട്ടലുകളുടേയും റിസോർട്ടുകളുടേയും വൈദ്യുതി കണക്ഷൻ

| | ചോദ്യം<br><br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൂന്നാറിലെ എട്ട് വില്ലേജുകളിൽ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) & (ബി) | നിലവിലില്ല. ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് 6 .05 .2019 ൽ ഇറങ്ങിയിട്ടുണ്ട്.<br>ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന് അനുശാസിക്കുന്ന തരത്തിൽ 23.10.2017 ൽ ദേവികുളം സബ് കളക്ടർ കെ. എസ്. ഇ. ബി അധികൃതർക്ക് കത്ത് നൽകിയിരുന്നു. ഇതേ തുടർന്ന് ഈ എട്ടു വില്ലേജുകളിൽ വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുകയും നിരവധി പരാതികൾ ലഭിക്കുകയും ചെയ്തു.<br>കൂടാതെ, കെ.എസ്.ഇ.ബി, കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ നൽകേണ്ടത്. ഇതുപ്രകാരം തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും മാത്രമാണ് ഉപഭോക്താവ് പുതിയ കണക്ഷന് ലഭ്യമാക്കേണ്ടത്. ഉപഭോക്തൃ നിയമം, അറ്റോമിക് എനർജി നിയമം, റെയിൽവേ നിയമം എന്നിവ ഒഴികെയുള്ള മറ്റു നിയമങ്ങളുടെ മേൽ ഓവർറൈഡിങ് അധികാരമുള്ളതാണ് കേന്ദ്രവൈദ്യുതി നിയമം. കേന്ദ്രവൈദ്യുതി നിയമം 2003 ന്റെ സെക്ഷൻ 43 പ്രകാരം, ഒരു പ്രിമിസസിന്റെ ഉടമസ്ഥനോ അവിടെ താമസിക്കുന്ന ആളോ |
| (ബി) | പ്രസ്തുത നിരാക്ഷേപ പത്രമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | | |

| | | | |
|---|---|---|---|
| | | | വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ നിർബന്ധമായും ലൈസൻസി വൈദ്യുതി കണക്ഷൻ നൽകിയിരിക്കണം. ഇപ്രകാരം കണക്ഷൻ നൽകാൻ കഴിയുന്നില്ലെങ്കിൽ ലൈസൻസി പിഴ നൽകുവാനും നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. മാത്രവുമല്ല വൈദ്യുതി കണക്ഷൻ ഉണ്ടെന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തെളിവോ രേഖയോ അല്ലെന്നു രാജ്യത്തെ വിവിധ കോടതികൾ വിധിപ്രസ്താവങ്ങളുടെ ഭാഗമായി പറഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ റവന്യൂ വകുപ്പിന്റെ പ്രാദേശിക ഉദ്യോഗസ്ഥർ കേന്ദ്രനിയമ പ്രകാരമുള്ള സപ്ലൈ കോഡിനും വിവിധ കോടതി ഉത്തരവുകൾക്കും നിരക്കാത്ത തരത്തിൽ നൽകുന്ന നിർദേശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല എന്നു കാണാവുന്നതാണ്. ലൈൻ വലിക്കുന്നതിനുള്ള നിരവധി പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷവും മേല്പറഞ്ഞ നിർദ്ദേശം മൂലം വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വൈദ്യുതി നിയമം 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, എന്നിവയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയുള്ള പ്രസ്തുത ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്. ഈ ഉത്തരവ് പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ ഒ സി ആവശ്യമില്ല. എന്നാൽ നൽകപ്പെട്ട കണക്ഷനുകളിൽ ഏതെങ്കിലും അനധികൃത സ്ഥലത്തോ കെട്ടിടത്തിലോ ആണെന്ന് റവന്യൂ വകുപ്പ് അറിയിക്കുന്ന പക്ഷം കെ.എസ്.ഇ.ബി ലിമിറ്റഡ് പ്രസ്തുത കണക്ഷൻ അഴിച്ചുമാറ്റാൻ ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | ഈ തീരുമാനം മൂന്നാറിലെ കയ്യേറ്റക്കാരെ സഹായിക്കുന്നതും കയ്യേറ്റം സംബന്ധിച്ച കേസുകളിൽ സർക്കാരിന് തോൽവി ഉണ്ടാകുവാൻ കാരണമാകുന്നതുമാണെന്നു ചൂണ്ടിക്കാണിച്ച് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ; | (സി) | ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി കണക്ഷൻ നൽകുവാനുള്ള തീരുമാനം പുന:പരിശോധിക്കുമോ? | (ഡി) | വൈദ്യുതി കണക്ഷൻ ഒരു സ്ഥിരം സംവിധാനമല്ല, മറിച്ച് മനുഷ്യരുടെ അടിസ്ഥാന അത്യാവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന ഒരു ജീവനോപാധി മാത്രമാണ്. കെട്ടിടം അനധികൃതമാണെന്ന് റവന്യൂ വകുപ്പ് ചട്ട പ്രകാരം അറിയിക്കുന്ന പക്ഷം കണക്ഷൻ നൽകുന്നതല്ല. കണക്ഷൻ നൽകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസരണം കണക്ഷൻ അഴിച്ചു മാറ്റുന്നതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ